**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5227** **04-07-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ സർവേ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുഴുവൻ ഭൂമിയും സർവേ നടത്തുന്ന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ നടന്ന പ്രവർത്തനം വിശദമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ 17 വില്ലേജുകളെ (**അനുബന്ധമായി ചേർത്തിരിക്കുന്നു**) ഡിജിറ്റൽ സർവെ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ ഉൾപ്പെടുത്തി സർവെ നടന്നു വരുന്നു. ആയതിൽ 9 വില്ലേജുകളുടെ സർവെ നടപടികൾ പൂർത്തിയാക്കി സർവെ അതിരടയാള നിയമമനുസരിച്ച് 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തി തുടർനടപടികൾ നടന്നുവരുന്നു. |
| (ബി) | ഈ ജില്ലയിൽ സർവേ ഇൻസ്റ്റിറ്റ്യൂട്ടിനായി പണം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | കോഴിക്കോട് ജില്ലയിൽ സർവെ ഇൻസ്റ്റിറ്റ്യൂട്ട് ഇല്ല, പകരം ചെയിൻ സർവേ സ്കൂൾ ആണ് ഉള്ളത്. കോഴിക്കോട് സർവെ സ്കൂളിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 2023- 24 സാമ്പത്തിക വർഷം ₹61 ലക്ഷം രൂപ ഭരണാനുമതി നൽകിയിരുന്നു. ടി തുകയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 42,11, 780/- രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ആയതിൽ ₹40,84,670/- രൂപ ഫണ്ട് അനുവദിച്ചിരുന്നു.<br>സ്വകാര്യ വിദ്യാർത്ഥികൾക്കായി മൂന്ന് മാസ ചെയിൻ സർവെ കോഴ്സ് ചെയിൻ സർവെ സ്കൂളിൽ നടന്നുവരുന്നു. അനുവദിച്ച ഫണ്ടിൽ അത്യാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (സി) | കോഴിക്കോട് ജില്ലയിൽ സർവെ ഇൻസ്റ്റിറ്റ്യൂട്ട് ഇല്ല, പകരം ചെയിൻ സർവേ സ്കൂൾ ആണ് ഉള്ളത്. കോഴിക്കോട് സർവെ സ്കൂളിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 2023- 24 സാമ്പത്തിക വർഷം ₹61 ലക്ഷം രൂപ ഭരണാനുമതി നൽകിയിരുന്നു. ടി തുകയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 42,11, 780/- രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ആയതിൽ ₹40,84,670/- രൂപ ഫണ്ട് അനുവദിച്ചിരുന്നു.<br>സ്വകാര്യ വിദ്യാർത്ഥികൾക്കായി മൂന്ന് മാസ ചെയിൻ സർവെ കോഴ്സ് ചെയിൻ സർവെ സ്കൂളിൽ |

| | | | |
|---|---|---|---|
| | | | നടന്നുവരുന്നു. അനുവദിച്ച ഫണ്ടിൽ അത്യാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ചിട്ടുണ്ട്. |
| (ഡി) | കോഴിക്കോട് ജില്ലയിൽ സർവേ പ്രവർത്തനം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് 2022 നവംബർ-1 ന് തുടക്കം കുറിച്ച ഡിജിറ്റൽ റീസർവെ നാല് വർഷം കൊണ്ട് പൂർത്തീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. 2021 നവംബർ 1-ന് ഒദ്യോഗികമായി തുടങ്ങിയതെങ്കിലും ഉദ്യോഗസ്ഥരും, സർവ്വേ ഉപകരണങ്ങളും പൂർണ്ണമായി ലഭ്യമാക്കി പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ ആരംഭിച്ചത് 2023 ആഗസ്റ്റ് 2 മുതലാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ആദ്യഘട്ടത്തിലെ  വില്ലേജുകളുടെ പട്ടിക

| ക്രമ നം. | ജില്ല | വില്ലേജ് | 9(2) പ്രസിദ്ധപ്പെടുത്തിയവ |
|---|---|---|---|
| 1 | കോഴിക്കോട് | തുറയൂർ | √ |
| 2 | | എരവട്ടൂർ | √ |
| 3 | | മൂടാടി | √ |
| 4 | | ഉള്ളിയേരി | |
| 5 | | നടുവണ്ണൂർ | |
| 6 | | പുത്തൂർ | |
| 7 | | രാരോത്ത് | |
| 8 | | തിക്കോടി | √ |
| 9 | | ചെറുവണ്ണൂർ | √ |
| 10 | | അരിക്കുളം | |
| 11 | | കുറുവാട്ടൂർ (Pt) | √ |
| 12 | | തൂണേരി | √ |
| 13 | | നാദാപുരം | √ |
| 14 | | ചെക്കിയാട് | |
| 15 | | വളയം | |
| 16 | | നടക്കുതാഴ | √ |

രണ്ടാംഘട്ടത്തിലെ വില്ലേജുകളുടെ പട്ടിക

| **ക്രമ നം.** | ജില്ല | വില്ലേജ് |
|---|---|---|
| 1 | കോഴിക്കോട് | കൂത്താളി |